# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 537 — 01.12.2015-ൽ മറുപടിക്ക്

## സർവ്വീസ് സഹകരണ ബാങ്കുകളിലെ വായ്പാ ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ/പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകി വരുന്നത് ; വിശദമാക്കാമോ ; | (എ) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയവായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പ കാലാവധിയിലോ വായ്പകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് ടി അംഗങ്ങളെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിതള്ളാവുന്നതാണ്. ഇതിലേക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ |

| | |
|---|---|
| | ചേരുകയും നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പാക്കാരനിൽ നിന്നു ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടക്കേണ്ടതായിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരാത്ത വായ്പകളിൽ വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത തീയതി മുതൽ ഒരു വർഷത്തിനകം അവകാശികൾ വായ്പക്കണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരിച്ച തീയതി മുതൽ വായ്പക്കണക്ക് അവസാനിപ്പിക്കുന്നതു വരെയുള്ള പലിശ ഇളവ് നൽകുന്നതിന് സംഘങ്ങൾക്ക് അനുമതി നൽകി രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) മാരക രോഗങ്ങൾ വന്ന് മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (സി) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**